# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
E-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി7/2095/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495-2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in
തീയതി:30.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്- ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി7/2095/18 തീയതി:30.10.2018

## കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.പി ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13.8.2018 മുതൽ 14.8.2018 വരെ<br>20.8.2018 മുതൽ 23.8.2018 വരെ<br>29.8.2018 മുതൽ 31.8.2018 വരെ |

| | | | |
|---|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഇ.എം. പ്രബോധ്കുമാർ | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ഷൈനി.പി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. അഖില വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സി ടി വനജ | 1.4.2017 മുതൽ 18.9.2017 വരെ |
| | ശ്രീമതി. ഏലിയാമ്മ ജോർജ് | 11.10.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.ഹരിദാസൻ നായർ | 1.4.2017 മുതൽ 17.5.2017 വരെ |
| | ശ്രീ. മാധവൻ | 18.5.2017 മുതൽ 31.5.2017 വരെ |
| | ശ്രീ.ജോർജ് ജോസഫ് | 1.6.2017 മുതൽ 4.11.2017 വരെ |
| | ശ്രീ.മാധവൻ | 5.11.2017 മുതൽ 31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. എക്സി. എൻജിനിയർ | ശ്രീ. സന്തോഷ്കുമാർ എ | 01.04.17 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ. ആശ എസ് കുമാർ | 01.04.17 മുതൽ 31.03.18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ഒ.പി രാധാകൃഷ്ണൻ | 1.4.2017 മുതൽ 12.7.2017 വരെ |
| | ശ്രീ. എം.എൻ അനന്തൻ | 13.7.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ, താമരശ്ശേരി താലൂക്ക് ആശുപത്രി | ഡോ.കേശവനുണ്ണി | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | ഡോ.ഹൈഫ മൊയ്തീൻ | 01.04.17 മുതൽ 05.05.17വരെ 01.01.18 മുതൽ 31.03.18വരെ |
| | ഡോ.രമ്യ.എം | 06.05.17 മുതൽ 06.06.17വരെ |
| | ഡോ.ഹസീന.കെ | 07.06.17 മുതൽ 30.11.17വരെ |
| | ഡോ.ഷാജി.സി.കെ | 01.12.17 മുതൽ 31.12.17വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശരത് പി ഡി | 01.04.17 മുതൽ 31.03.18വരെ |

| | | |
|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (ഓമശ്ശേരി സർക്കിൾ) | ശ്രീമതി. സുഷ പി ടി | 01.04.17 മുതൽ 31.03.18വരെ |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (കൊടുവള്ളി സർക്കിൾ) | ശ്രീമതി.സുബൈദ പി ടി | 01.04.17 മുതൽ 4.3.2018 വരെ |
| | ശ്രീമതി. ഷീജ വി ടി | 5.3.2018 മുതൽ 31.3.2018 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഷമീർ എ | 01.04.17 മുതൽ 31.03.18വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രമേശൻ എൻ | 01.04.17 മുതൽ 31.03.18വരെ |

ഉള്ളടക്കം


| ഭാഗം -1<br>പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |

| | |
|---|---|
| | |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. |
| 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ. |
| ഭാഗം -2<br>വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ |
| 2-2 | സാംഖ്യാ രശീതി അപാകതകൾ |
| ഭാഗം - 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | കെട്ടിടം പൂർണ്ണ സജ്ജമാകാതെ മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്ര സാമഗ്രികൾ വാങ്ങി. |
| 3-2 | ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ - പദ്ധതിയ്ക്ക് ആവശ്യമായ ഗുണഭോക്താക്കളെ ലഭിച്ചില്ല. |
| 3-3 | ഹാഡ - ബ്ലോക്ക് ലവൽ മാർക്കറ്റ് - ഉൽഘാടനം കഴിഞ്ഞ് മൂന്ന് വർഷത്തിനു ശേഷവും പ്രവർത്തനം ആരംഭിച്ചില്ല. |

| | |
|---|---|
| 3-4 | കശുമാവ് കൃഷി-അപാകതകൾ |
| 3-5 | അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങി |
| 3-6 | വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തില്ല. |
| 3-7 | നിക്ഷേപ പ്രവൃത്തി - തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചില്ല |
| 3-8 | അംഗീകാരം വാങ്ങിയ പ്രൊജക്ട് നിർവഹണം നടത്തിയില്ല. |
| 3-9 | പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ കാര്യക്ഷമത |
| 3-10 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം - അപാകതകൾ |
| 3-11 | കുടിവെള്ള പദ്ധതികൾ - അപാകതകൾ |
| 3-12 | അരീക്കുഴി ചെറിയപാറോല കുടിവെള്ളപദ്ധതി - അപാകതകൾ |
| 3-13 | മരാമത്ത് പ്രവൃത്തികൾ - അപാകതകൾ |
| 3-14 | കെട്ടിടനിർമ്മാണപ്രവൃത്തികൾ - ഭാഗികമായി പ്രവൃത്തി ചെയ്യുന്നു |
| 3-15 | ഭരണസമിതി തീരുമാനം - തുടർനടപടി വിവരം ലഭ്യമല്ല |
| 3-16 | മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് തുക കൈമാറൽ - രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. |

ഭാഗം. 4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| | |
|---|---|
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 1 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.3.17തീയതിയിലെ 72(1)/16-17 തീരുമാനപ്രകാരം പാസ്സാക്കി. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 22.3.2018 തീയതിയിലെ 70/17-18 തീരുമാനപ്രകാരം പാസ്സാക്കിയിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.7.18 | 26.6.2018 | | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 3.8.18 , 4.8.18 | നമ്പർ. കെ.എസ്.എ.കെ.കെ.ഡി/ഇ.2/ 1111/ 2018( 54)/ 31.8.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 35441520 |
| വരവ് | 164372673 |
| ആകെ | 199814193 |
| ചെലവ് | 151364197 |
| നീക്കിയിരിപ്പ് | 48449996 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 71217807 | 71217807 | 60488363 | 10729444 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 22350398 | 22350368 | 16547233 | 5803165 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2810159 | 2810159 | 1755074 | 1055085 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 11966915 | 11966915 | 5417259 | 6549656 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ.എ.വൈ (ജനറൽ) | | 97121 | 48212883 | 48310004 | 18055121 | 30254883 |
| ഐ.എ.വൈ (എസ് സിപി) | | 0 | 55750 | 55750 | 55750 | 0 |
| ഐ.എ.വൈ (ടിഎസ് പി) | | 0 | 0 | 0 | 0 | 0 |
| TSC | | 2168222 | 123147 | 2291369 | 571036 | 1720333 |

| | | | | | | |
|---|---|---|---|---|---|---|
| IWMP | | 2988 | 438968 | 441956 | 416992 | 24964 |
| PYCKA | | 73748 | 5398 | 79146 | 59882 | 19264 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 14718444 | 1305000 | 16023444 | 5255700 | 10767744 |
| | ജില്ലാ പഞ്ചായത്ത് | 8079940 | 4900000 | 12979940 | 6724450 | 6255490 |
| ബി ഫണ്ട് | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3726253 | 3582000 | 7308253 | 6611477 | 696776 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 156134246 | 98 | 84207929 | 52 | 59 | 62.4 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.7.2017 മുതൽ | ജൂലൈ 2016- ജൂൺ | 122 DPA W2/2017/KKD |

| | | | |
|---|---|---|---|
| | 26.7.2017 വരെ | 2017 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.2.2015 മുതൽ 28.2.2015 വരെ | 2009-10 മുതൽ 2013-14 വരെ | No. LBA(HQ)/VI /8A-2284 /175dt.25.05.2015 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എസ്.ജി.ആർ.വൈ അക്കൗണ്ടിൽ 31.3.2018 ന് 4,17,140/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ടിൽ 5.9.2007 ന് ശേഷം ഇടപാടുകളില്ല. ഈ അക്കൗണ്ട് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. വാർഷിക കണക്കിൽ ( റിസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - ഷെഡ്യൂൾ -10- മറ്റ് വരവുകൾ) മറ്റ് വരവുകൾ എന്ന ഇനത്തിൽ 30,045/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ഇത് ഏത് ഇനത്തിൽ/ ആരിൽ നിന്നും ലഭിച്ചു എന്നുള്ള വിവരങ്ങൾ ലഭ്യമല്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ്

കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ച വാർഷികപദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 16/03/2017 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കുന്നതിനായി യോഗം ചേർന്നത്. ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണെങ്കിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാത്രമാണ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്.

ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധിക്കുന്നതിനായി monthly progress report, Annual review progress report എന്നിവ തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 2-2 സാംഖ്യാ രശീതി അപാകതകൾ

2017-18 കാലയളവിലെ സാംഖ്യ രശീതികളുടെ കൗണ്ടർഫോയിൽ, ഡേ ബുക്ക് എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1) 117080100006 /31.7.2017 ാം നമ്പർ രശീതി പ്രകാരം 7800രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആയത് ഡേ ബുക്കിൽ ഉൾപ്പെട്ടിട്ടില്ല. രശീതി ക്യാൻസൽഡ് റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടില്ല.

2) 117080100004 ാം നമ്പർ രശീതി പ്രകാരം ഡേ ബുക്കിൽ 7800 രൂപ വരവ് വന്നിട്ടുണ്ട്. ആയതിന്റെ സാംഖ്യാ രശീതി ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട്ക്കൊണ്ട് എൻക്വയറി (16/17-18 തി.31.8.2018 ) നൽകിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കെട്ടിടം പൂർണ്ണ സജ്ജമാകാതെ മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്ര സാമഗ്രികൾ വാങ്ങി.

| | |
|---|---|
| പ്രോജക്റ്റ് നം | 166/2017-18 |
| പ്രോജക്റ്റിന്റെ പേര് | ബ്ലോക്ക് മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിന് യന്ത്ര സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | 9,92,000/- (വികസന ഫണ്ട്) |
| ചെലവ് | 9,82,943/- ബിൽ നം. 2/26.02.2018 |
| നിർവ്വഹണം | വ്യവസായ വികസന ഓപീസർ |

ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന്, തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു മെറ്റീരിയൽ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 15 HP ഷ്രെഡ്ഡിംഗ് മെഷീനും 7.5 HP ബെയ് ലിംഗ് മെഷീനും വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പ്രസ്തുത യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ നിർമ്മാണം 2017-18 ൽ ആരംഭിച്ചെങ്കിലും 15,70,000 രൂപ ചെലവഴിച്ച് 2018-19 ൽ പൂർത്തീകരിച്ചു. ഈ കെട്ടിടത്തിന്റെ വയറിംഗ് പ്രവൃത്തിക്ക് 2018-19 ൽ പ്രോജക്റ്റ് വെച്ചെങ്കിലും ആഗസ്റ്റ് -2018 ലും വൈദ്യുതീകരണം പൂർത്തിയായില്ല. (ഖണ്ഡിക 3-10 കൂടി കാണുക)

കെട്ടിടത്തിന്റെ തറ നിർമ്മാണം മാത്രം പൂർത്തീകരിച്ചതിനാലും വൈദ്യുതീകരണം നടക്കാത്തതിനാലും യന്ത്രങ്ങൾ വാങ്ങുന്നത് ഉചിതമായിരിക്കുകയില്ലെന്ന് 08.02.2018 ന് സെക്രട്ടറി/ പ്രസിഡണ്ട് എന്നിവർക്കയച്ച കത്തിൽ വ്യവസായ വികസന ഓഫീസർ വ്യക്തമാക്കുന്നു. ഭരണസമിതി പ്രസ്തുത വിഷയം ചർച്ച ചെയ്തെങ്കിലും 20.02.2018 ലെ 65(4)

നമ്പർ തീരുമാന പ്രകാരം യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി. കെട്ടിട നിർമ്മാണം തൻവർഷം പൂർത്തിയാക്കിയില്ലെന്നിരിക്കെ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ഉചിത സമയമല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടും ഭരണസമിതി മറിച്ചൊരു തീരുമാനം എടുത്തതിന്റെ സാംഗത്യം വ്യക്തമല്ല. പദ്ധതിയുടെ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ച സ്ഥിതിക്ക്, പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ക്ലീൻ കേരള കമ്പനിയുമായുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് വ്യവസായ വികസന ഓഫീസർക്ക് നിർദ്ദേശം നൽകാൻ 18.01.2018 ന് ചേർന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചു. ഓരോ പ്രോജക്റ്റിന്റെയും യുക്തി, ക്ഷമത, പ്രായോഗികത തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പ് വരുത്തണമെന്ന് 13 ാംപദ്ധതി മാർഗ്ഗരേഖയിൽ (ജി.ഒ. [എം.എസ്] 72/2017/തസ്വഭവ തീയതി : 29.03.2017, ഖ. നം. 5.7.2) നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് (ചെറുകിട വ്യവസായം) മിനിട്സ് പരിശോധിച്ചതിൽ 6 യോഗങ്ങൾ തൻ വർഷം നടന്നിട്ടുണ്ട്. ഇതിൽ 5 യോഗങ്ങളിലും പങ്കെടുത്തവരുടെ ഹാജർ വിവരം രേഖപ്പെടുത്തിയതല്ലാതെ ചെറുകിട വ്യവസായത്തെ സംബന്ധിച്ച യാതൊരു ചർച്ചയോ തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായില്ല. ഒരു യോഗത്തിൽ 2018-19 വർഷത്തെ പദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാത്രമാണുള്ളത്.

തുടർന്ന് ക്ലീൻ കേരള കമ്പനിയുമായി സെക്രട്ടറി കരാറിലേർപ്പെടുകയും യന്ത്രങ്ങൾ വാങ്ങുന്നതിന് 9,82,943 രൂപ 24.02.2018 ന് സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. മേൽ തുകയിൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവായി 24,600 രൂപയും സൂപ്പർവിഷൻ ചാർജ്ജായി 41,000 രൂപയും (ഒരു വർഷത്തേക്ക്) ഉൾപ്പെടുന്നു. യന്ത്രങ്ങൾ നാളിതുവരെ ബ്ലോക്കപഞ്ചായത്ത് കൈപ്പറ്റിയിട്ടില്ല. ആയത് സപ്ലൈ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിത്തരുവാൻ കമ്പനി 09.07.2018 ൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടെങ്കിലും തുടർ നടപടി സ്വീകരിച്ചില്ല. കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നു.

1) യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് വൈദ്യുതിയും ജലലഭ്യതയും ആവശ്യമാണെന്ന് ക്ലീൻ കേരള കമ്പനി ആവശ്യപ്പെട്ടു (ഖണ്ഡിക നം.2)

2) തദ്ദേശ സ്ഥാപനം എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കുകയാണെങ്കിൽ യന്ത്രത്തിന്റെ വില നൽകി 60 ദിവസത്തിനുള്ളിൽ യന്ത്രങ്ങൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്നതാണ്. (ഖണ്ഡിക നം.11&22)

3) വാറണ്ടി കാലാവധി ഒരു വർഷം (ഖണ്ഡിക നം.25)

മേൽ സാഹചര്യത്തിൽ, യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് ഇനിയും കാലതാമസം ഉണ്ടായാൽ വാറണ്ടി കാലാവധി കാലഹരണപ്പെടാനും സൂപ്പർവിഷൻ ചാർജ്ജ് തുടങ്ങിയവ നഷ്ടപ്പെടാനും ഇടയുണ്ട്. 25 ലക്ഷത്തിലേറെ രൂപ ചെലവഴിച്ച പദ്ധതി യിൽ യന്ത്രങ്ങളുടെ വിലയായ 10 ലക്ഷത്തോളം രൂപ ഭരണസമിതിയുടെ അനുചിതമായ തീരുമാനം കാരണം നിഷ്ക്രിയമായിരിക്കുകയാണ്. അപാകങ്ങൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ കെട്ടിടനിർമ്മാണം പൂർത്തീകരിക്കേണ്ട നടപടി ഊർജ്ജിതപ്പെടുത്തേണ്ടതും യന്ത്രസാമഗ്രികൾ സ്ഥാപിച്ച് മെറ്റീരിയൽ റിക്കവറി സെന്റർ ഉടനടി

പ്രവർത്തനമാരംഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-2 ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ - പദ്ധതിയ്ക്ക് ആവശ്യമായ ഗുണഭോക്താക്കളെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം | 34/2017-18 |
| പ്രോജക്ടിന്റെ പേര് | വനിതാ ഗ്രൂപ്പുകൾക്ക് ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ |
| അടങ്കൽ | 8,00,000/-<br>(വികസന ഫണ്ട്- 2,50,00 + വായ്പ – 5,50,000) |
| ചെലവ് | 1,25,000/- 1.ബിൽ നം. 1/20.02.2018 |
| നിർവ്വഹണം | വ്യവസായ വികസന ഓഫീസർ |

ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിച്ച് വീടുകളിലും വ്യാപാരസ്ഥാപനങ്ങളിലും വിതരണം ചെയ്ത് വനിതകൾക്ക് വരുമാനം ഉണ്ടാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തത്. ഇതിനായി 1,25,000 രൂപ വീതം രണ്ട് വനിതാ ഗ്രൂപ്പുകൾക്ക് നൽകാനാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചത്.

വനിതാ ഗ്രൂപ്പുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ പ്രസിഡണ്ടുമാർക്കും വ്യവസായ വികസന ഓഫീസർ കത്തയക്കുകയുണ്ടായി. പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ നിന്ന് മാത്രം ഗുണഭോക്തൃ പട്ടിക ലഭ്യമാക്കുകയും യോഗ്യതയുള്ള വനിതാ ഗ്രൂപ്പായ ജീവൻ ഫുഡ് പ്രോഡക്ട്സിന് സബ്സിഡി അനുവദിക്കുകയും അവർ സംരംഭം തുടങ്ങുകയും ചെയ്തു. സ്റ്റാറ്റസ് റിപ്പോർട്ട് (ചെറുകിട വ്യവസായം) പ്രകാരം ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ 282 JLG, 24 വനിത തൊഴിൽ ഗ്രൂപ്പുകൾ, 293 വനിത സ്വയം സഹായ സംഘങ്ങൾ എന്നിവ ഉണ്ട്. ഇത്രയും ഗ്രൂപ്പുകൾ നിലവിലുണ്ടായിട്ടും ഒരു ഗ്രാമപഞ്ചായത്തിൽ നിന്ന് മാത്രം ഗുണഭോക്തൃ പട്ടിക ലഭിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ബ്ലോക്കപഞ്ചായത്ത് പരിധിയിലുള്ള പുതുപ്പാടി ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള പഞ്ചായത്തുകൾ മേൽ വിഷയം യഥാസമയം ഗ്രാമസഭയിലവതരിപ്പിച്ചതിന്റെയും ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയതിന്റെയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-3 ഹാഡ - ബ്ലോക്ക് ലവൽ മാർക്കറ്റ് - ഉൽഘാടനം കഴിഞ്ഞ് മൂന്ന് വർഷത്തിനു ശേഷവും പ്രവർത്തനം ആരംഭിച്ചില്ല.

കൊടുവള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിലുള്ള പച്ചക്കറി കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾക്ക് ഇടനിലക്കാരില്ലാതെ വിപണനത്തിനും സംഭരണത്തിനും സൗകര്യം ലഭ്യമാക്കുന്നതിന് ഒരു ബ്ലോക്ക് ലവൽ മാർക്കറ്റിനുള്ള കെട്ടിടം മലയോര വികസന ഏജൻസിയുടെ (HADA) സഹായത്തോടെ സ്ഥാപിക്കുന്നതിന് 12.05.2014 ൽ സർക്കാർ അനുമതി നൽകി. ഭക്ഷ്യ യോഗ്യമായ വിഷരഹിത പച്ചക്കറികളുടെ ഉൽപാദനവും

വിതരണവുമാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. ഇതിന്റെ ഭാഗമായി 2013-16 കാലയളവിൽ 13,72,634 രൂപയുടെ പഴം, പച്ചക്കറി വിത്തുകൾ ഹാഡയുടെ ധനസഹായത്തോടെ ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ വിതരണം ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി ഹാഡ 26 ലക്ഷം രൂപ അനുവദിച്ചതിൽ നാളിതുവരെ 21,38,745 രൂപ ചെലവഴിക്കുകയും 4,61,255 രൂപ നീക്കിയിരുപ്പായി അവശേഷിക്കുന്നുമുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1) മാർക്കറ്റ് കെട്ടിടത്തിന്റെ ഉൽഘാടനം 25.08.2015 ൽ നിർവ്വഹിച്ചെങ്കിലും ആഗസ്റ്റ് 2018 ലും പ്രവർത്തനമാരംഭിച്ചില്ല. കെട്ടിടം വൈദ്യുതീകരിച്ചില്ല. പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് 57,000 രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി ബ്ലോക്ക്പഞ്ചായത്തിന് നൽകിയെങ്കിലും തുക നിക്ഷേപിച്ചില്ല. 2018-19 ലും കെട്ടിടം വൈദ്യുതീകരി ക്കുന്നതിനുള്ള പ്രോജക്ട് ഉൾപ്പെടുത്തിയില്ല.

2) മാർക്കറ്റിന്റെ പുരോഗതി വിലയിരുത്തുന്നതിന് ഹാഡ മാർഗ്ഗ നിർദ്ദേശ പ്രകാരം [സ.ഉ (എം.എസ്) 45/2015/പ്ലാനിംഗ് തീയതി: 10.12.2015] ബ്ലോക്ക്പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുൾപ്പെട്ട ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിക്കുന്നുണ്ട്. സംഘാടനത്തിനും നിർവ്വഹണത്തിനും കാർഷിക പ്രവൃത്തിയിൽ പരിചയമുള്ള അനുയോജ്യമായ സ്വയം സഹായസംഘങ്ങളെ മോണിട്ടറിംഗ് സമിതി കണ്ടെത്തേണ്ടതാണെന്നും സൂചിപ്പിക്കുന്നു. എന്നാൽ അത്തരത്തിലുള്ള യാതൊരു കമ്മിറ്റിയും രൂപീകരിച്ചില്ല.

3) ഹാഡ സെക്രട്ടറി 15.03.2016 ൽ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിക്കയച്ച കത്തിൽ, ചെലവഴിക്കാതെ ബാക്കി കിടക്കുന്ന തുക 10 ദിവസത്തിനകം തിരികെ അടവാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആഗസ്റ്റ് 2018 ലും തുക തിരികെ അടവാക്കിയില്ല.

വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ കർഷകരുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യാനായി സ്വാശ്രയ വിപണികൾ നിലവിലുണ്ടെങ്കിലും വളരെ കുറച്ച് ഉൽപന്നങ്ങൾ മാത്രമേ ഈ വിപണി വഴി കൈമാറ്റം ചെയ്യപ്പെടുന്നുള്ളൂ. സുരക്ഷിതമായ പച്ചക്കറികളുടെ വിപണനത്തിന് ബ്ലോക്ക് തലത്തിൽ മാർക്കറ്റുകൾ ആരംഭിക്കേണ്ടതാണെന്നും ഹാഡയുടെ മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കുന്നുണ്ട്.

ബ്ലോക്ക് തല മാർക്കറ്റുകളോടനുബന്ധിച്ച് കർഷകർക്ക് ആവശ്യമായ ഉൽപാദന ഉപാധികളായ ജീവാണുവളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുമായി ഒരു സംഭരണ വിതരണകേന്ദ്രം സ്ഥാപിക്കേണ്ടതാണെന്നും മാർഗ്ഗ നിർദ്ദേശത്തിൽ സൂചിപ്പിക്കുന്നു. ഈ കാര്യങ്ങൾ 13 ാം പദ്ധതി മാർരേഖയിലും വ്യക്തമാക്കുന്നുണ്ട് (ജി.ഒ.[എം.എസ്] 72/2017/തസ്വഭവ തീയതി : 29.03.2017, ഖ. നം. 12.1(5&8)). ഇവ നിലവിൽ ബ്ലോക്ക് പരിധിയിലുള്ള തിരുവമ്പാടിയിൽ മാത്രമേ ലഭിക്കുന്നുള്ളൂ. ഇത് കർഷകർക്ക് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടാക്കുന്നു.

സ്റ്റാറ്റസ് റിപ്പോർട്ടിൽ 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ പഴം, പച്ചക്കറി ഭക്ഷ്യസംസ്കരണ സംരംഭങ്ങൾക്ക് മുൻഗണന നൽകുമെന്നും കൂടാതെ വിഷപച്ചക്കറികളുടെ

വിതരണം ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്ത് ഗുരുതരമാണെന്ന് സൂചിപ്പിക്കുന്നുണ്ടെങ്കിലും പ്രശ്നത്തിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും റിപ്പോർട്ടിൽ രേഖപ്പെടുത്തിയില്ല. 2015 ൽ ഇതിനായുള്ള കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും ഇതു സംബന്ധിച്ച യാതൊരു പരാമർശവും റിപ്പോർട്ടിലില്ല. പദ്ധതികളുടെ ശരിയായ വിധത്തിലുള്ള നിർവഹണാനന്തര മോണിട്ടറിംഗ് നടത്താത്ത കാരണം, ബ്ലോക്കപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നിർജ്ജീവമായ ഇത്തരം നിഷ്ക്രിയ ആസ്തികൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി കണ്ടെത്തുകയും അവ പ്രവർത്തനയോഗ്യമാക്കുന്നതിനുള്ള നടപടികൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ചർച്ചചെയ്ത് ഭരണസമിതിയുടെ അംഗീകാര ത്തിനായി സമർപ്പിക്കേണ്ടതുമാണ്. ഈ കാര്യത്തിൽ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ ഒരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-4 കശുമാവ് കൃഷി-തൈകൾ വാങ്ങിയതിലും വിതരണം ചെയ്തതിലും അവ്യക്തത

പ്രൊജക്ട് നമ്പർ - S0015/18

പദ്ധതിയുടെ പേര് - കശുമാവ് വികസന പദ്ധതി

അടങ്കൽ - 1400000 , പൊതുവിഭാഗം

ചെലവ് - 1400000 , ബിൽ നമ്പർ - ADA-BP-1/17-18 dt.4.1.2018

നിർവഹണം- അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ

കശുമാവിന്റെ 28000 ഗ്രാഫ്റ്റ് ചെയ്ത തൈകൾ വാങ്ങി 9 പഞ്ചായത്തിലെ കർഷകർക്ക് തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് സൗജന്യമായി വിതരണം ചെയ്യുന്നതാണ് പദ്ധതി. ബ്ലോക്ക് പഞ്ചായത്ത് 1400000 രൂപ ചെലവഴിച്ച് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കാഷ്യൂ റിസർച്ച് സ്റ്റേഷൻ, മടക്കത്തറയിൽ നിന്നും 2017-18 വർഷത്തിൽ 28000 തൈകൾ വാങ്ങിയിട്ടുണ്ട്. വിതരണം ചെയത തൈകളുടെ എണ്ണം താഴെ കൊടുക്കുനനു.

| ക്രമനമ്പർ | പഞ്ചായത്ത് | തൈകളുടെ എണ്ണം |
|---|---|---|
| 1 | കട്ടിപ്പാറ | 2500 |
| 2 | കിഴക്കോത്ത് | 3500 |
| 3 | കോടഞ്ചേരി | 3700 |
| 4 | കൂടരഞ്ഞി | 2000 |

| | | |
|---|---|---|
| 5 | മടവൂർ | 2500 |
| 6 | ഓമശ്ശേരി | 1500 |
| 7 | പുതുപ്പാടി | 3700 |
| 8 | താമരശ്ശേരി | 2600 |
| 9 | തിരുവമ്പാടി | 6000 |

ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 ) ക്യാഷ് ബിൽ ഇല്ല.

ക്യാഷ്ബില്ലിനു പകരം പ്രഫോർമ ഇൻവോയ്സ് ആണ് ലഭ്യമാക്കിയിട്ടുള്ളത്.

2 ) തൈകളുടെ എണ്ണം- നിർണ്ണയിച്ചതിലെ അവ്യക്തത

പദ്ധതിയുടെ ഭാഗമായി 28000 തൈകളാണ് കാഷ്യൂ റിസർച്ച് സ്റ്റേഷനിൽ നിന്നും വാങ്ങിയിട്ടുള്ളത്. പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ കർഷകരുടെ കൈവശമുള്ള ഭൂവിസ്തൃതി രേഖപ്പെടുത്തിയിട്ടില്ല. ഭൂവിസ്തൃതിയ്ക്കാനുപാതമായാണ് തൈകൾ വിതരണം ചെയ്യേണ്ടതെങ്കിലും ആയത് രേഖപ്പെടുത്താതെ തന്നെ പദ്ധതി

നടപ്പിലാക്കുവാൻ 28000 തൈകളുടെ ആവശ്യകതയുണ്ടെന്ന നിഗമനത്തിലേയ്ക്ക് എങ്ങനെ എത്തിചേർന്നുവെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

3 ) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലെ അപാകതകൾ

പ്രൊജക്ടിലെ അർഹതാ മാനദണ്ഡത്തിൽ ഗുണഭോക്താക്കൾ 25 സെന്റിനു മുകളിൽ ഭൂമിയുള്ളവരായിരിക്കണം എന്ന് പറയുന്നു. എന്നാൽ പഞ്ചായത്തിലെ വിതരണരേഖകൾ പരിശോധിച്ചതിൽ ബന്ധപ്പെട്ട കൃഷിഓഫീസർ ഗുണഭോക്താവിന്റെ ഭൂവിസ്തൃതി ഉറപ്പുവരുത്തിയിട്ടില്ല എന്ന് കാണുന്നു. പുതുപ്പാടി കൃഷിഓഫീസർ ലഭ്യമാക്കിയ വിതരണരേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഉദാഹരണം താഴെ കൊടുക്കുന്നു.

| കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | | |
|---|---|---|
| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ഭൂവിസ്തൃതി |

| | | |
|---|---|---|
| 1 | മുഹമ്മദ്. വി. പി | 21 സെന്റ് |
| 2 | മുഹമ്മദ് മുസ്ലാർ, കല്യാണി മാട്ടുമ്മൽ | 16 സെന്റ് |

പ്രൊജക്ടിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മുൻഗണനാ മാനദണ്ഡത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് അനുസരിച്ചാണ് തൈകൾ വിതരണം ചെയ്യേണ്ടത്. എന്നാൽ കോടഞ്ചേരി കൃഷി ഓഫീസർ ലഭ്യമാക്കിയ വിതരണരേഖയിൽ ഭൂവിസ്തൃതിയ്ക്കാനുപാതികമായല്ല തൈകൾ വിതരണം ചെയ്തിട്ടുള്ളത്.

ഉദാഹരണം താഴെ കൊടുക്കുന്നു.

| കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | | | |
|---|---|---|---|
| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ഭൂവിസ്തൃതി | വിതരണം ചെയ്ത തൈകൾ |
| 1 | എ.റ്റി അബ്രഹാം, മാതപ്പാറ | 1.48 ഏക്കർ | 20 |
| 2 | സെബാസ്റ്റ്യൻ ഊന്നുകല്ലേൽ | 1.00 ഏക്കർ | 80 |
| 3 | സാബുജോസഫ് മണ്ണാറുകുന്നേൽ | 0.30 ഏക്കർ | 20 |

4 ) ഗുണഭോക്തൃലിസ്റ്റും വിതരണലിസ്റ്റും തമ്മിലുള്ള അന്തരം

ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റും അതത് ഗ്രാമപഞ്ചായത്തുകളിലെ കൃഷി ഓഫീസർമാർ സമർപ്പിച്ചിട്ടുള്ള വിതരണ ലിസ്റ്റും പരിശോധിക്കുമ്പോൾ വ്യത്യാസം കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു

| ക്രമനമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട കർഷകരുടെ എണ്ണം | വിതരണം ചെയ്ത കർഷകരുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | തിരുവമ്പാടി | 249 | 54 |
| 2 | കോടഞ്ചേരി | 369 | 159 |
| 3 | മടവൂർ | 174 | 104 |
| 4 | കട്ടിപ്പാറ | 193 | 70 |
| 5 | കൂടരഞ്ഞി | 215 | 80 |
| 6 | ഓമശ്ശേരി | 379 | 40 |

മാർക്ക് അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഏകീകൃത ലിസ്റ്റല്ല പഞ്ചായത്തുകൾ സമർപ്പിച്ചിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട കർഷകരിൽ നിന്നും എന്തിനെ അടിസ്ഥാനമാക്കിയാണ് തൈകൾ വിതരണം ചെയ്യേണ്ട കർഷകരെ കണ്ടെത്തിയതെന്ന് വ്യക്തമാകുന്നില്ല.

5 ) പണം ഒടുക്കുന്നതിൽ കാലതാമസം

സ്ഥാപനം ബി 143/17 തി. 25.9.2017 നമ്പർ കത്ത് മുഖേനെ വിവിധ സ്ഥാപനങ്ങളിൽ ഗ്രാഫ്റ്റ് ചെയ്ത തൈകളുടെ അവൈലബിലിറ്റി അന്വേഷിക്കുകയും 25.9.2017 ന് കാഷ്യൂ റിസർച്ച് സ്റ്റേഷൻ, മടക്കത്തറ അവൈലബിലിറ്റി, വില വിവരം , എന്നിവ അറിയിക്കുകയും തൈകൾ അതേ മാസം തന്നെ വിതരണം ചെയ്യാമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. വിതരണത്തിനായി തയ്യാറാക്കിയ 28000 തൈകളുടെ വില 27.9.2017, 4.12.2017 എന്നീ തിയ്യതികളിൽ കൃഷി അസി. ഡയരക്ടറെ അറിയിച്ചിട്ടുണ്ട്. എന്നാൽ 14.1.2018 ന് 4 മാസത്തിനു ശേഷമാണ് തുക ഒടുക്കുന്നത്. പദ്ധതിക്കായി പണം വകയിരുത്തിയിട്ടും പണം ഒടുക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമല്ല.

6) വിതരണരേഖയിലെ അവ്യക്തത

കോടഞ്ചേരി കൃഷി ഓഫീസർ ലഭ്യമാക്കിയ വിതരണലിസ്റ്റ് ആധികാരികമല്ല. വിതരണം ചെയ്ത തൈകളുടെ എണ്ണം 60 എന്നത് 20 ആയി തിരുത്തിയിരിക്കുന്നു. കൈവശമുള്ള കൃഷിഭൂമിയുടെ അടിസ്ഥാനത്തിലല്ലാതെ എല്ലാ ഗുണഭോക്താക്കൾക്കും തുല്യമായി വിതരണം ചെയ്തതിന്റെ അടിസ്ഥാനം വ്യക്തമല്ല.

7) എം.എൻ.ആർ.ഇ.ജി.എസ് സാധ്യതകളെ ഉപയോഗപ്പെടുത്തിയില്ല

പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 72/2017/ ത.സ്വ.ഭ.വ തി.29.3.2017 , 12.1.14 പ്രകാരം സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലും ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ വൃക്ഷതൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും തൈകൾ നട്ടു വളർത്തുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ എം.എൻ.ആർ.ഇ.ജി.എസ്

പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ് എന്ന് കാണുന്നു. ഇതിന്റെ സാധ്യതയെ കണക്കിലെടുക്കാതെ പദ്ധതി നേരിട്ട് നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല. ആവശ്യമായ പരിശീലനം കൊടുത്ത് നടപ്പിലാക്കാവുന്ന പദ്ധതി വൻതുക ചെലവഴിച്ച് നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമല്ല.

8) വിതരണം ചെയ്തതിലെ കാലതാമസം

ഇൻവോയ്സ് നമ്പർ 12/18/RFN തി.21.8.2018 പ്രകാരം തൈകൾ വിതരണം ചെയ്ത തിയ്യതികൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | വിതരണം ചെയ്ത തിയ്യതികൾ | വിതരണം ചെയ്ത തൈകളുടെ എണ്ണം |
|---|---|---|
| 1 | 21.6.2018 | 2600 |
| 2 | 25.6.2018 | 3850 |
| 3 | 27.6.2018 | 4700 |
| 4 | 28.6.2018 | 4200 |
| 5 | 4.7.2018 | 4500 |
| 6 | 7.7.2018 | 4150 |
| 7 | 9.7.2018 | 4000 |
| ആകെ | | 28000 |

പണം ഒടുക്കിയതിന്റെ 5 മാസം പിന്നിട്ടാണ് തൈകൾ വിതരണത്തിന് ലഭ്യമാകുന്നത്. വിതരണം ചെയ്യാൻ കാലതാമസം നേരിട്ടത് ആവശ്യത്തിന് തൈകൾ ലഭ്യമല്ലാത്തതിനാലാണെന്ന് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. 25.9.2017 ന് 28000 തൈകൾ വിതരണം ചെയ്യാൻ തയ്യാറാണെന്ന് സ്ഥാപനം അറിയിച്ചിട്ടും പണം

ഒടുക്കുന്നതിൽ കാലതാമസം നേരിട്ടതിനാലാണ് വിതരണത്തിന് തൈകൾ യഥാസമയം ലഭ്യമാവാതിരുന്നത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്ക്കൊണ്ട് എൻക്വയറി (11/17-18 തി.31.8.2018)നല്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ വേണ്ടത്ര ആസൂത്രണമില്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് കാണുന്നു. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, പണം ഒടുക്കുന്നതിൽ വന്ന കാലതാമസം, വിതരണം ചെയ്തതിലെ മാനദണ്ഡം, തൈകൾ ലഭ്യമാവാതിരുന്ന സാഹചര്യം എന്നിവയ്ക്ക് വ്യക്തമായ മറുപടി നല്കേണ്ടതാണ്.

## 3-5 അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങി

പ്രൊജക്ട് നമ്പർ - S0115/17

പ്രൊജക്ടിന്റെ പേര് - സ്മാർട്ട് അംഗനവാടി

അടങ്കൽ – 1710000 , പൊതുവിഭാഗം, സാധാ. വിഹിതം

ചെലവ് - 1680000 , ബിൽ നമ്പർ - 1/17-18 തി.30.6.2017

നിർവഹണം - ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ

ബ്ലോക്ക് പഞ്ചായത്തിലെ 20 അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി മാറ്റുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ, പ്രൊജക്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്.

ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിക്കൊണ്ടുള്ള ഇൻഡന്റ് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രൊജക്ട് ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ തി.8.11.2010 പ്രകാരം നിർവഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ആവശ്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് കൈമാറേണ്ടതാണ്. ഇൻഡന്റ് പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് കൈമാറിയില്ല. അതുകൊണ്ടുതന്നെ ഇൻഡന്റിനെകുറിച്ചോ ഉല്പന്നത്തിന്റെ സ്പെസിഫിക്കേഷനെ കുറിച്ചോ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ആവശ്യസാധനങ്ങളുടെ എണ്ണം, തരം എന്നിവയൊന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

3. ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ തി. 8.11.2010 പ്രകാരം മതിപ്പുവില 100000 രൂപയിൽ കൂടുന്ന എല്ലാ സാധനങ്ങളും സമാഹരിക്കുന്നതിന് വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് & മലയാളം പത്രത്തിൽ പരസ്യം നൽകേണ്ടതാണ്. എന്നാൽ ടെണ്ടർ ക്ഷണിച്ചുക്കൊണ്ട് പത്രപരസ്യം നൽകിയിട്ടില്ല.

4. ടെണ്ടറിൽ വിതരണക്കാരൻ ഉല്പന്ന നിർമ്മാതാക്കളോ, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉല്പന്നത്തിന്റെ അംഗീകൃത വിതരണക്കാരോ, ബി ക്ലാസ്സോ അതിനു മുകളിലോ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇലക്ട്രോണിക് കോൺട്രാക്ടറോ ആവണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ വിതരണം നടത്തിയിട്ടുള്ള ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യ, എറണാകുളം നോർത്ത് എന്ന സ്ഥാപനം മേൽ പറഞ്ഞ രീതിയിലുള്ള സ്ഥാപനമാണെന്ന് തെളിയിക്കുന്ന രേഖ ഫയലിൽ ലഭ്യമല്ല. ആയതിനു പകരം സമാന രീതിയിലുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള താഴെ പറയുന്ന കത്തുകളാണ് ലഭ്യമാക്കിയിട്ടുള്ളത്.

A) ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യ എന്ന സ്ഥാപനത്തിന് പ്രൊജക്ടർ വിതരണം ചെയ്യുന്ന ഒപ്റ്റോമ കോർപ്പറേഷൻ, സെക്കന്ദരാബാദ് ( DLP പ്രൊജക്ടറിന്റെ മാനുഫാക്ചറർ) എന്ന സ്ഥാപനത്തിന്റെ കത്താണ് ലഭ്യമാക്കിയിട്ടുള്ളത്.

B) ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യ എന്ന സ്ഥാപനത്തിന് ഏസർ പ്രൊഡക്ട്സ് വിതരണം ചെയ്യുന്ന ഓറഞ്ച് സിസ്റ്റംസ്, അയ്യന്തോൾ റോഡ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ കത്താണ് ലഭ്യമാക്കിയിട്ടുള്ളത്.

മേൽ പറഞ്ഞതിൽ നിന്നും സ്ഥാപനം ഉല്പന്നത്തിന്റെ നിർമ്മാതാക്കളോ അംഗീകൃത വിതരണക്കാരോ അല്ലെന്ന് വ്യക്തമാകുന്നു. ടെണ്ടർ നിബന്ധനകൾ പാലിക്കാതെ ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യയിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

5. ടെണ്ടറിന് പ്രൊക്യൂർമെന്റ് സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 14.3.2017 ന് ചേർന്ന യോഗത്തിൽ സ്മാർട്ട് അങ്കനവാടിയിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നത് റീടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയല്ലാതെ റീടെണ്ടർ അംഗീകരിച്ചിട്ടില്ല.

6. മുദ്രപത്രം വാങ്ങിവച്ചിട്ടുണ്ടെന്നല്ലാതെ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി കരാറിൽ ഒപ്പുവച്ചിട്ടില്ല.

7. ജി.ഒ(പി) 259/2010 ത.സ്വ.ഭ.വ തി.8.11.2010 , 2 സി പ്രകാരം മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിനു ശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ വാങ്ങൽ നടത്തുക എന്ന് നിഷ്കർഷിക്കുന്നു. ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യയുടെ കാഷ്ബില്ല്, മെഗാടെക്ക് എന്ന സ്ഥാപനം സമർപ്പിച്ച പ്രൈസ് ഷെഡ്യൂൾ എന്നിവ പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, യു.പി.എസ്, ഓഡിയോ സിസ്റ്റം എന്നീ 3 ഇനങ്ങൾക്ക് കുറവ് ക്വോട്ട് ചെയ്തിരിക്കുന്നത് മെഗാടെക്ക് എന്ന സ്ഥാപനവും റാക്ക്, സോഫ്റ്റ്‌വെയർ, പ്രൊജക്ടർ, , സീലിംഗ് മൗണ്ട്, വി.ജി.എ കേബിൾ , വൈറ്റ് ബോർഡ് എന്നീ ഇനങ്ങൾക്ക് കുറവ് ക്വോട്ട് ചെയ്തിരിക്കുന്നത് ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യ എന്ന സ്ഥാപനവും ആണ്.

| ക്രമനമ്പർ | ഇനം | മെഗാടെക്ക് പ്രൈസ് ഷെഡ്യൂൾ | ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യയുടെ |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രകാരം (യൂണിറ്റ് പ്രൈസ്) | കാഷ്ബിൽ/ഇൻവോയ്സ് പ്രകാരം (യൂണിറ്റ് പ്രൈസ്) |
| 1 | കമ്പ്യൂട്ടർ, ഏസർ | 20900 | 28681 |
| 2 | സൗണ്ട് സിസ്റ്റം | 3750 | 4857 |
| 3 | യു.പി.എസ് | 4500 | 4803 |
| 4 | റാക്ക് | 5000 | 1630 |
| 5 | സോഫ്റ്റ്‌വെയർ | 3790 | 667 |
| 6 | പ്രൊജക്ടർ | 31000 (വി ജി എ ഉൾപ്പെടെ) | 24891 |
| 7 | വൈറ്റ് ബോർഡ് | 8750 | 7773 |
| 8 | സീലിംഗ് മൗണ്ട് | 7200 | 1800 |
| 9 | വി ജി എ & പവർ | | 2037 |

പദ്ധതിയ്ക്ക് നേട്ടമുണ്ടാകുന്ന തരത്തിൽ (കുറവ് ക്വോട്ട് ചെയ്തതിൽ നിന്നും) ഭാഗിക പർച്ചേസ് ചെയ്യാതെ മുഴുവൻ സാധനങ്ങളും ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യ, എറണാകുളം നോർത്ത് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

8. 29.3.2017 ലെ കത്തുപ്രകാരം കമ്പനി ഏസർ കമ്പ്യൂട്ടറിനു പകരം ലെനോവോ ബ്രാൻഡ് വിതരണം ചെയ്യാമെന്ന് നിർവ്വഹണോദ്യോഗസ്ഥയെ അറിയിച്ചെങ്കിലും സ്ഥാപനം സമർപ്പിച്ച ഇൻവോയ്സിൽ 28681 രൂപ വിലവരുന്ന ഏസർ ഡെസ്ക്ടോപ്പ് വിതരണം ചെയ്യുന്നതായാണ് രേഖപ്പെടുത്തിയത്. എന്നാൽ അങ്കണവാടി അധ്യാപകരുടെ കൈപ്പറ്റ് രശീതികളിൽ ലെനോവോ കമ്പ്യൂട്ടർ ലഭിച്ചതായാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. 30.8.2018 ന് നടന്ന സ്ഥലപരിശോധനയിൽ അങ്കണവാടി നമ്പർ 106 സന്ദർശിക്കുകയും പദ്ധതിയുടെ ഭാഗമായി ലഭിച്ച ലെനോവോ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതായും ബോധ്യപ്പെട്ടു. ഇൻവോയ്സ്/ക്യാഷ്ബില്ല് പ്രകാരമുള്ള ബ്രാൻഡിനുപകരം മറ്റൊരു ബ്രാൻഡിലുള്ള കമ്പ്യൂട്ടർ, കമ്പനി ലഭ്യമാക്കിയിട്ടും ബന്ധപ്പെട്ടവർ ആയത് പരിശോധിച്ച് ഉറപ്പുവരുത്തുകയോ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുകയോ ചെയ്തില്ല.

9. ഇൻവോയ്സിൽ കമ്പ്യൂട്ടറിന്റെയും മറ്റ് ഉപകരണങ്ങളുടെയും സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിക്കൊണ്ടുള്ള ഇൻഡന്റ്

പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഇൻഡന്റ് പ്രകാരമുള്ള ഉപകരണങ്ങളാണോ ലഭ്യമായത് എന്ന് വ്യക്തമല്ല.

10. സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിക്കൊണ്ടുള്ള ഇൻഡന്റ്, സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയ ഇൻവോയ്സ്/ക്യാഷ്ബില്ല്, കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് , ഇഷാൻ ഫ്യൂച്ചർ ടെക്നോളജീസ് ഓഫ് ഇൻഡ്യ എന്ന സ്ഥാപനം സമർപ്പിച്ച പ്രൈസ് ഷെഡ്യൂൾ സ്റ്റേറ്റ്മെന്റ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി ( 12/17-18 തി.31.8.2018 ) നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസറുടെയും പ്രവർത്തനത്തിലെ ഏകോപനമില്ലായ്മ കാരണമാണ് വാങ്ങലിൽ വേണ്ടത്ര ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയാതിരുന്നത്. ടെണ്ടർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യേണ്ട പ്രൊക്യൂർമെന്റ് ടീം ആയതിന് നിർവഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയത് ശരിയായ നടപടിയല്ല. ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങളാണോ ലഭ്യമായത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്താത്തത് ഗുരുതരമായ വീഴ്ചയാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 <u>വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തില്ല.</u>

ആശുപത്രി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി 2017-18 വർഷത്തിൽ 949900 രൂപ ചെലവഴിച്ച് താമരശ്ശേരി താലൂക്ക് ആശുപത്രിയിലേയ്ക്ക് ആശുപത്രി ഉപകരണങ്ങളും ഫർണ്ണിച്ചറും വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ - S0091/18

പ്രൊജക്ടിന്റെ പേര് - താമരശ്ശേരി താലൂക്ക് ആശുപത്രിയിലേയ്ക്ക് ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ - 954000, മെയിന്റയിൻസ് ഗ്രാന്റ് (നോൺറോഡ്)

ചെലവ് - 949900 , ബിൽ നമ്പർ- 4/2017-18, തി.28.3.2018

ഇൻവോയ്സ്/ ക്യാഷ്ബില്ല് നമ്പർ SILK/SBUB/17-18/UR/26 തി. 29.3.2018 പ്രകാരം ഫർണ്ണിച്ചറുകൾ റേറ്റ് കോൺട്രാക്ട് അടിസ്ഥാനമാക്കി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ബേപ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി . 27.3.2018 ന് തുക മുൻകൂർ ആയി നൽകിയിട്ടുണ്ട്. വാങ്ങിയ ഫർണിച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 30.8.2018 ന് സ്ഥലപരിശോധനയുടെ ഭാഗമായി സ്ഥാപനം സന്ദർശിച്ചപ്പോൾ കണ്ട ഫർണിച്ചറുകളും ഉപകരണങ്ങളും ഈ പ്രൊജക്ടിന്റെ ഭാഗമായി തന്നെ വാങ്ങിയതാണോയെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ യഥാസമയം എഴുതി തയ്യാറാക്കാത്തതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട്ക്കൊണ്ട് എൻക്വയറി 13/17-18 തി.31.8.2018 നൽകിയിട്ടുണ്ട്. എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുന്നു.

## 3-7 <u>നിക്ഷേപ പ്രവൃത്തി - തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും</u>

## പ്രവൃത്തി ആരംഭിച്ചില്ല

ഓഡിറ്റ് വർഷം വിവിധ പദ്ധതികൾ നിക്ഷേപ പ്രവൃത്തിയിലൂടെ നടപ്പിലാക്കുന്നതിന് കേരള ജല അതോറിറ്റി, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ നിക്ഷേപിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | നിക്ഷേപിച്ച തുക | ബിൽ നം | നിക്ഷേപിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1. | 10/17-18, കച്ചേരിമുക്ക് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 5,00,000 | 25/30.10.17 | കേരള ജല അതോറിറ്റി, കോഴിക്കോട് | |
| 2. | 18/17-18, പുള്ളിക്കോ ത്ത് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 5,00,000 | 19/10.10.17 | കേരള ജല അതോറിറ്റി, കോഴിക്കോട് | |
| 3. | 17/171-8,പൂവത്തും പാറ യിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 5,00,000 | 20/10.10.17 | കേരള ജല അതോറിറ്റി, കോഴിക്കോട് | |
| 4. | 20/17-18, കളത്തിങ്കൽ മൂനമണ്ണിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘി പ്പിക്കൽ | 4,00,000 | 28/20.12.17 | കേരള ജല അതോറിറ്റി, കോഴിക്കോട് | |
| 5. | 88/17-18, വേണാടി IHDP കോളനി കുടി വെള്ള പദ്ധതി | 6,00,000 | 55/22.3.18 | കേരള ജല അതോറിറ്റി, കോഴിക്കോട് | |

| | | | | | |
|---|---|---|---|---|---|
| 6. | 23/17-18,മണ്ണില്ലടവ് അങ്കണവാടി കെട്ടിട നിർമ്മാണം | 5,80,000 | 22/21.10.17 | ഇ.ഇ പൊതുമ രാമത്ത് (കെട്ടിടം), കോഴിക്കോട് | |
| 7. | 29/17-18, കയ്യലേരിക്കുന്ന് അങ്കണവാടി കെട്ടിട നിർമ്മാണം | 5,80,000 | 23/21.10.17 | ഇ.ഇ പൊതുമ രാമത്ത് (കെട്ടിടം), കോഴിക്കോട് | |
| 8. | 42/17-18, തണ്ണിക്കുണ്ട് അങ്കണവാടി കെട്ടിട നിർമ്മാണം | 5,80,000 | 24/21.10.17 | ഇ.ഇ പൊതുമ രാമത്ത് (കെട്ടിടം), കോഴിക്കോട് | |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കേരള ജല അതോറിറ്റി, പൊതുമരാമത്ത് എന്നീ വകുപ്പുകൾ നല്കിയതിനെ തുടർന്ന് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി തുക നിക്ഷേപിക്കുകയും കരാർ തയ്യാറാക്കി ഒപ്പിട്ടുവാനായി മേൽ വകുപ്പുകൾക്ക് 27.11.2017 ന് ബ്ലോക്ക്പഞ്ചായത്ത് അയച്ചു കൊടുത്തെങ്കിലും കരാർ ഒപ്പിട്ട് തിരികെ നൽകിയില്ല. കരാർ ഒപ്പിടുന്നതിനു മുൻപ് തുക നിക്ഷേപിച്ചത് എന്തിനെന്ന് വ്യക്തമല്ല. കേരള ജല അതോറിറ്റിയുടെ 28.01.2005 ലെ കെ.ഡബ്ല്യൂ.എ/ എച്ച്. ഒ /എഫ്.എം/ഡി.ഡബ്ല്യൂ/01 ഉത്തരവിൽ കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ നിക്ഷേപകരിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ നൽകാൻ ആവശ്യപ്പെട്ടിട്ടും ജലഅതോറിറ്റിയും പി.ഡബ്ല്യൂ.ഡി യും മറുപടിയൊന്നും നൽകിയില്ല. 27.11.2017 നു ശേഷം ബ്ലോക്ക്പ ഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് മറ്റ് നടപടികളൊന്നും ഉണ്ടായില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മേൽ സാഹചര്യത്തിൽ നാളിതുവരെ പൂർത്തീകരിക്കാത്ത (മുൻ വർഷ ങ്ങളിലുൾപ്പെടെയുള്ള) നിക്ഷേപ പ്രവൃത്തികളുടെ വിശദാംശം ശേഖരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും തുക നിക്ഷേപിച്ച സ്ഥാപനവുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടെങ്കിൽ ആയതിനെതിരെ നടപടികളെടുക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച ഒരു റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## **3-8** അംഗീകാരം വാങ്ങിയ പ്രൊജക്ട് നിർവഹണം നടത്തിയില്ല.

ബ്ലോക്ക്പഞ്ചായത്തിലെ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കോടഞ്ചേരി രണ്ട് പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് നമ്പർ - SO113/17 – ജറിയാട്രിക് സെന്റർ

അടങ്കൽ 1100000- പൊതുവിഭാഗം, സാധാ വിഹിതം

2. പ്രൊജക്ട് നമ്പർ - SO114/17 – സി.എച്ച്.സി കോടഞ്ചേരിയിലെ ജറിയാട്രിക് സെന്ററിൽ ഫർണ്ണിച്ചർ വാങ്ങൽ

അടങ്കൽ 592340 – പൊതുവിഭാഗം, സാധാ വിഹിതം

എന്നാൽ മേൽ പ്രൊജക്ടുകൾ രണ്ടും ഓഡിറ്റ് കാലയളവിൽ നടപ്പാക്കിയിട്ടില്ല. പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിട്ടും അംഗീകാരം ലഭിച്ച പ്രൊജകടുകൾ നടപ്പിലാക്കാതിരുന്നത് സംബന്ധിച്ചും എൻക്വയറി (14/17-18 തി.31.8.2018) നൽകിയിട്ടുണ്ട്. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 <u>പ്രൊക്യൂർമെന്റ് കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല</u>

2017-18 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ വിവിധ നിർവഹണോദ്യോഗസ്ഥർ സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവഹണോദ്യോഗസ്ഥൻ | പ്രൊജക്ട് നമ്പർ | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | S0039/18 | ADA യുടെ ഓഫീസിലേയ്ക്ക് ഫർണ്ണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 282423 |
| 2 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | S0053/17 | സ്മാർട്ട് അംഗനവാടി | 1680000 |

പദ്ധതിപ്രകാരം വാങ്ങിയ സാധനങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | കൃഷി ഓഫീസിലേയ്ക്ക് ഫർണ്ണിച്ചറുകളും ഉപകരണവും വാങ്ങിയത് (എണ്ണം) | സ്മാർട്ട് അങ്കണവാടി (എണ്ണം) |
|---|---|---|

| | | |
|---|---|---|
| 1 | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ (3) | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ (20) |
| 2 | ലാപ്പ്ടോപ്പ് (1) | സൗണ്ട് സിസ്റ്റം (20) |
| 3 | ജെഫേഴ്സൺ ചെയർ (10) | സ്റ്റീൽ റാക്ക് (20) |
| 4 | കമ്പ്യൂട്ടർ ടേബിൾ (3) | സോഫ്റ്റ്വെയർ (20) |
| 5 | എക്സിക്യൂട്ടീവ് ചെയർ (1) | പ്രൊജക്ടർ (20) |
| 6 | ഓഫീസ് ചെയർ (5) | വൈറ്റ്ബോർഡ് (20) |
| 7 | യു.പി.എസ് (1) | യു.പി.എസ് (20) |
| 8 | ബാറ്ററി(4) | സീലിംഗ് മൗണ്ട് (20) |
| 9 | പെൻഡ്രൈവ് (1) | വി ജി എ പവർ (20) |
| 10 | പെഡസ്റ്റിയൽ ഫാൻ (2) | |

അഗ്രികൾച്ചർ ഓഫീസർ നേരിട്ട് പർച്ചേസ് ചെയ്യുകയും ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട്

ഓഫീസർ ടെണ്ടർ മുഖേനെയുമാണ് ഉപകരണങ്ങൾ വാങ്ങിയത്. സമാന സ്വഭാവമുള്ള 2 പർച്ചേസുകളാണ് വ്യത്യസ്ത രീതിയിൽ നടപ്പിലാക്കിയത്. നിർവ്വഹണഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010 ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായുംപാലിച്ചില്ല. സാമ്പത്തിക വർഷാരംഭത്തിൽ ഓരോ നിർവഹണോദ്യോഗസ്ഥനും പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും ലിസ്റ്റ് പ്രൊക്യൂർകമ്മിറ്റിയെ ഏൽപിക്കേണ്ടതാണ്. മാർഗ്ഗരേഖ 2 സി (2) പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് പ്രൊക്യൂർമെന്റ് കമ്മിറ്റി സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതാണ്. 2 സി (4) പ്രകാരം ഓഫീസ് ഉപകരണം , ഫർണ്ണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്വർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്വർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ/സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുകനല്കുന്നു. എന്നാൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതത് നിർവഹണോദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികളാണ് കൈക്കൊണ്ടത്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ, സാമ്പത്തികവർഷാരംഭത്തിൽ ഓരോ നിർവഹണോദ്യോഗസ്ഥരും ആവശ്യമായ സാധനസാമഗ്രികളുടെ മൊത്തത്തിലുള്ള കണക്കെടുത്തിട്ടില്ല. വിവിധ നിർവഹണോദ്യോഗസ്ഥരുടെ പദ്ധതിയ്ക്കാവശ്യമായ സാധനസാമഗ്രികളുടെ ആവശ്യകത വിവിധ യോഗങ്ങളിലാണ് തീരുമാനിക്കുന്നത്. യോഗത്തിൽ സാധന സാമഗ്രികളുടെ സ്പെസിഫിക്കേഷനോ വാങ്ങൽ രീതിയോ ചർച്ച ചെയ്യുന്നില്ല.

ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപതി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയും വിവിധ നിർവഹണോദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങളിലെ ഏകോപനമില്ലായ്മയാണ് സമാന രീതിയിലുള്ള പർച്ചെയ്സുകൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ കാരണം.

പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് വിവിധ നിർവഹണോദ്യോഗസ്ഥരുടെ ആവശ്യങ്ങൾ മുൻനിർത്തി പദ്ധതി രൂപീകരിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മുൻവർഷങ്ങളിലെ പോലെ നിർവഹണോദ്യോഗസ്ഥർ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുകയും ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ കഴിഞ്ഞ് ടെണ്ടർ അംഗീകാരം വാങ്ങുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്തിൽ കമ്മിറ്റി കാര്യക്ഷമമല്ല. പ്രൊക്വർമെന്റ് മാന്വലിന് വിരുദ്ധമായി സാധനങ്ങൾ വാങ്ങിയതിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട്ക്കൊണ്ട് എൻക്വയറി (15/17-18 തി.31.8.2018) നൽകിയതിന് മറുപടിയും നൽകിയിട്ടില്ല.

## 3-10 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എക്സി.എഞ്ചിനീയർ

പ്രോജക്ട് നം - 165/18

അടങ്കൽ - 270000, വികസനഫണ്ട് (ജനറൽ)

ചെലവ് - 1570000 , ബിൽ നം. 78/31.3.18(പാർട്ട് ബിൽ)

കരാറുകാരൻ - ശരത് സെബാസ്റ്റ്യൻ

ബ്ലോക്കിലെ മാലിന്യനിർമ്മാർജ്ജന പദ്ധതി ലക്ഷ്യമിട്ട് തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പ്രവത്തി നടപ്പിലാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ശ്രീ.ശരത് സെബാസ്റ്റ്യൻ സമർപ്പിച്ച ടെണ്ടർ 2528082.92 രൂപയ്ക്ക് 8.12.17ലെ 46/17-18 നം. തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തി ഏറ്റെടുക്കുന്നതിനായി 11.12.17ലെ എ1/കെ.ഡി.എൽ.വൈ/17-18 നം. കത്ത് പ്രകാരം അയച്ച സെലക്ഷൻ നോട്ടീസ് 12.12.17ന് കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 8.1.2018 നാണ് കരാറുകാരൻ കരാറുടമ്പടി വെച്ച് സൈറ്റ് ഏറ്റെടുത്തത്.

ജിഒ(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും ടെണ്ടർ നിബന്ധന പ്രകാരം പ്രവൃത്തി തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത കരാറുകാരനെ ഏൽപിക്കേണ്ടതുമാണ്. മേൽ പ്രവൃത്തിയിൽ സമയപരിധിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. കരാർ വെച്ച് പ്രവൃത്തി ഏറ്റെടുക്കാൻ വൈകിയതിനാൽ കെട്ടിടനിർമ്മാണപ്രവൃത്തി തൻവർഷം പൂർത്തിയാക്കുവാൻ സാധിച്ചില്ല. തൻവർഷം കെട്ടിടത്തിൽ സ്ഥാപിക്കുന്നതിനു വേണ്ടി വാങ്ങിയ ഉപകരണങ്ങൾ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാക്കി ഇലക്ട്രിഫിക്കേഷൻ നടത്താത്തതിനാൽ തൻവർഷം കെട്ടിടത്തിൽ സ്ഥാപിക്കുന്നതിനു വേണ്ടി വാങ്ങിയ ഉപകരണങ്ങൾ നാളിതുവരെയും സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. (ഖണ്ഡിക 3-1 കാണുക). യഥാസമയം കരാർ വെക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കാതിരുന്നതിന് മറുപടി നൽകേണ്ടതാണ്.

## 3-11 കുടിവെള്ള പദ്ധതികൾ - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

1.പ്രൊജക്ട് - 61/18, കാഞ്ഞിരക്കുണ്ട് കുടിവെള്ളപദ്ധതി

അടങ്കൽ - 500000, വികസനഫണ്ട് (ജനറൽ)

ചെലവ് - 418241, ബിൽ നം. 50/20.2.18

കരാറുകാരൻ - പ്രമോദ്.കെ.എം

ഓമശ്ശേരി ഗ്രാമപഞ്ചായത്തിലെ വലിയതോതിൽ കുടിവെള്ളക്ഷാമം നേരിടുന്ന കാഞ്ഞിരക്കണ്ടി ഭാഗത്തുള്ള കുടിവെള്ളപദ്ധതിക്കായി ഒരു കുളം ഓമശ്ശേരി ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ചിട്ടുണ്ട്. പമ്പ് ഹൗസ് നിർമ്മാണം, 10000ലി. ശേഷിയുള്ള വാട്ടർ ടാങ്ക് സ്ഥാപിക്കൽ, 7HP ശേഷിയുള്ള പമ്പ് & മോട്ടോർ സ്ഥാപിക്കുക, പമ്പിംഗ് മെയിൻ, വിതരണലൈനുകൾ ഇവ സ്ഥാപിക്കുക, 25 ഹൗസ് കണക്ഷൻ നൽകുക എന്നിവയാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്യാനുദ്ദേശിച്ചത്. ഇതിനായി 500000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. പ്രൊജക്ട് പ്രകാരം മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി ഒഴികെയുള്ള പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എന്നാൽ 25 കണക്ഷന് പകരം 6 കണക്ഷൻ മാത്രമാണ് നൽകിയിട്ടുള്ളത്. 25 ഗുണഭോക്താക്കളെ ഉദ്ദേശിച്ച് നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം വെറും 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് പ്രയോജനം ലഭിക്കുന്നത്.

2. പ്രൊജക്ട് - 60/18, പാറച്ചാലിൽ കുടിവെള്ളപദ്ധതി

അടങ്കൽ - 520000, വികസനഫണ്ട് (ജനറൽ)

ചെലവ് - 392802, ബിൽ നം. 65/23.3.18

കരാറുകാരൻ - പ്രമോദ്.കെ.എം

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ പാറച്ചാലിൽ കുടിവെള്ളപദ്ധതിയിൽ നിലവിൽ കിണർ നിർമ്മാണവും ടാങ്ക് നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. കിണറിനു ചുറ്റും കരിങ്കൽ ഉപയോഗിച്ച് ചുറ്റുമതിൽ നിർമ്മിക്കുക, പമ്പ് ഹൗസ് നിർമ്മാണം, പമ്പിംഗ് മെയിൻ, വിതരണലൈനുകൾ ഇവ സ്ഥാപിക്കുക, 7HP ശേഷിയുള്ള പമ്പ് & മോട്ടോർ സ്ഥാപിക്കുക, 30 ഹൗസ് കണക്ഷൻ നൽകുക തുടങ്ങിയ പ്രവൃത്തികൾക്കായി 520000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. 30 കണക്ഷൻ നൽകുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും 7 കണക്ഷൻ മാത്രമാണ് നൽകിയിട്ടുള്ളത്.

മേൽ പറഞ്ഞ 2 പ്രവൃത്തികളിലും എസ്റ്റിമേറ്റിൽ പറഞ്ഞതിനേക്കാൾ കുറവ് കണക്ഷൻ നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

കുടിവെള്ളം, ശുചിത്വം എന്നീ മേഖലകൾ കൈകാര്യം ചെയ്യുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനവും തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2017-18 വർഷം 17.4.17, 19.5.17 തീയതികളിൽ മാത്രമാണ് യോഗം ചേർന്നതെന്ന് കണ്ടു. 3 പേർ മാത്രം പങ്കെടുത്ത യോഗങ്ങളിലെ തീരുമാനം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ജി.ഒ.(എം.എസ്) നം.10/17/തസ്വഭവ തീയതി 9.1.17 ഉത്തരവിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളെക്കുറിച്ച് വിവരിക്കുന്നുണ്ട്. പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുകയും അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുകയും ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. കുടിവെള്ളവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് വീഴ്ച

വരുത്തി. അപാകതക്ക് മറുപടി നൽേകണ്ടതാണ്.

## 3-12 അരീക്കുഴി ചെറിയപാറോല കുടിവെള്ളപദ്ധതി - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രോജക്ട് നം - SO 140/18

അടങ്കൽ - 508300, വികസനഫണ്ട് (ജനറൽ)

ചെലവ് - 506696, ബിൽ നം. 36/13.11.2017

കരാറുകാരൻ - സൈനുദ്ദീൻ.കെ.കെ

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ അരീക്കുഴി ചെറിയപാറോല കുടിവെള്ളപദ്ധതിയുടെ വാട്ടർ ടാങ്ക്, കുഴൽകിണർ എന്നിവ നിർമ്മിക്കുന്നതിന് 2016-17 വർഷം 600000 രൂപ വകയിരുത്തി പ്രൊജക്ട് തയ്യാറാക്കിയെങ്കിലും നടപ്പാക്കാത്തതിനാൽ സ്പിൽ ഓവർ ആയി 2017-18 വർഷം 508300 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചു. ഓവർഹെഡ് വാട്ടർടാങ്ക് നിർമ്മിക്കുന്നതിന് 506696രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാനാവശ്യപ്പെട്ടു കൊണ്ട് നിർവഹണ ഉദ്യോഗസ്ഥൻ 9.8.2016ന് ഭൂജലവകുപ്പ് ജില്ലാ ഓഫീസർക്ക് കത്തയയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31.8.16ന് ഭൂജലവകുപ്പ് 34200 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തു. പ്രസ്തുത തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാനാവശ്യപ്പെട്ടു കൊണ്ട് 18.12.17ന് വീണ്ടും ഭൂജലവകുപ്പിന് കത്ത് നൽകുകയും 18.12.17 ന് തന്നെ നടപടിക്രമങ്ങൾ അറിയിച്ചുകൊണ്ട് ജി.ഡബ്ല്യു/കെ.കെ.ഡി/ടി-1728/16 നം. കത്ത് പ്രകാരം ഭൂജലവകുപ്പ് മറുപടി നൽകുകയും ചെയ്തു. എന്നാൽ 600000 രൂപ വകയിരുത്തിയതിൽ കരാറുകാരൻ ക്വാട്ട് ചെയ്ത 508238 രൂപ കഴിച്ചുള്ള തുക ഉൾപ്പെടുത്തി പുതിയ പ്രൊജക്ടുകൾ തയ്യാറാക്കിയതിനാൽ കിണർ നിർമ്മാണം ഈ പദ്ധതിയിൽ പൂർത്തീകരിക്കാൻ കഴിയില്ല എന്ന് അസി. എക്സി എഞ്ചിനീയർ 1.1.18ലെ എഇഇ/ഡി2/17-18 നം. കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

31.8.16ന് തന്നെ ഭൂജലവകുപ്പ് 34200 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടും പ്രവൃത്തി പൂർത്തിയാകുന്നതിന് മുൻപ് പ്രസ്തുത തുക ഒഴിവാക്കി പദ്ധതി റിവൈസ് ചെയ്തത് കൊണ്ടാണ് തൻവർഷം കുഴൽ കിണർ നിർമ്മിക്കാൻ സാധിക്കാതിരുന്നത്. 2018-19 വർഷത്തിലും കുഴൽകിണർ നിർമ്മിക്കുന്നതിനുള്ള പ്രൊജക്ട് രൂപീകരിച്ചിട്ടില്ല. കൂടാതെ മോട്ടോർ, പമ്പിംഗ് മെയിൻ, വിതരണലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിനും 2018-19ൽ പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല. 2016-17 വർഷം ആരംഭിച്ച പദ്ധതിയിൽ വാട്ടർ ടാങ്ക് മാത്രമാണ് പൂർത്തിയായത്. ആരംഭിച്ച് 2 വർഷം കഴിഞ്ഞിട്ടും പദ്ധതി കൊണ്ട് ഗുണഭോക്താക്കൾക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത അവസ്ഥയാണുള്ളത്. കുടിവെള്ള പദ്ധതികൾ രൂപീകരിക്കുമ്പോൾ എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. മേൽ കുടിവെള്ളപദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണ്.

## 3-13 മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. വകയിരുത്തിയ തുകയുടെ 50% പോലും വിനിയോഗിച്ചില്ല.

അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 63 പ്രോജക്ടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ഇതിൽ 40 പ്രൊജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ42971000 രൂപയിൽ 20667213 രൂപ മാത്രമേ സാമ്പത്തികവർഷം വിനിയോഗിക്കപ്പെട്ടിട്ടുള്ളൂ. വികസനഫണ്ട് പൊതുവിഭാഗം ഇനത്തിൽ 29925900രൂപ വകയിരുത്തിയതിൽ 16846839രൂപയും വികസനഫണ്ട് SCPഇനത്തിൽ 8111100 രൂപ വകയിരുത്തിയതിൽ 2396323 രൂപയും വികസനഫണ്ട് TSPഇനത്തിൽ 2000000 രൂപ വകയിരുത്തിയതിൽ 638789രൂപയുമാണ് ചെലവഴിക്കപ്പെട്ടത്. അതേപോലെ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇതരത്തിൽ 2334000രൂപ വകയിരുത്തിയതിൽ 785262 രൂപയും വിനിയോഗിക്കപ്പെട്ടു. പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ 22303787 രൂപ ബ്ലോക്ക്പഞ്ചായത്തിന് അസി.എൻജിനിയർ നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് മാത്രം വിനിയോഗിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

2. <u>സ്പിൽ ഓവർ പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല.</u>

അസി. എക്സിക്യൂട്ടീവ് എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 40 സ്പിൽ ഓവർപ്രോജക്ടുകളാണ്പൂർത്തീകരിക്കാനുണ്ടായിരുന്നത്. ആയതിൽ മൂന്ന് പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടതായികാണുന്നില്ല. ജി.ഒ.(എം.എസ്) നം./72/17/ത സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്.

പൊതുമരാമത്ത്, ഊർജ്ജം എന്നീ മേഖലകളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2017-18 വർഷം 14.2.17, 19.5.17 തീയതികളിൽ മാത്രമാണ് യോഗം ചേർന്നതെന്ന് കണ്ടു. 19.5.17 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ആകെ 9 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചത്. അതായത് ഭൂരിഭാഗം പ്രൊജക്ടുകളും വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാതെ രൂപീകരിച്ചവയാണ്.

ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതുകൊണ്ടാണ് പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാൻ സാധിക്കാതിരുന്നത്. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടില്ല. പദ്ധതികളെല്ലാം തന്നെ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, വികസന സെമിനാർ എന്നീ ഘട്ടങ്ങളിലൂടെ കടന്നുവരുന്നുവെന്നും അംഗീകാരം കിട്ടിയ പ്രൊജക്ടുകൾ എല്ലാം നടപ്പാക്കുന്നു എന്നും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

## 3-14 <u>കെട്ടിടനിർമ്മാണപ്രവൃത്തികൾ - ഭാഗികമായി പ്രവൃത്തി ചെയ്യുന്നു</u>

ജി.ഒ.(എം.എസ്) നം./ 72/17/ ത സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി

മാർഗ്ഗരേഖയിലെ ഖ 6.6(4) പ്രകാരം കെട്ടിടനിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി പ്രൊജക്ട് തയ്യാറാക്കണം. എന്നാൽ അസി. എഞ്ചിനീയർ നിർവഹണം നടത്തിയ കെട്ടിടനിർമ്മാണപ്രൊജക്ടുകളിലൊന്നും തന്നെ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക/ ബിൽനം | റിമാർക്സ് |
|---|---|---|---|
| 1 | കൈപ്പുറം വനിതാഫെസിലിറ്റേഷൻ സെന്റർ - 56/18 | 660235, 59/17.3.18 | ചെങ്കല്ലുപയോഗിച്ച് പില്ലറും ചുമരും നിർമ്മിച്ച് ജി ഐ ഷീറ്റ് റൂഫ് ചെയ്യുന്നതിനും RCC സ്റ്റെയർകേസ് നിർമ്മിക്കുന്നതിനുമുള്ള പ്രൊജക്ട്. ഫിനിഷിംഗ് പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല. |
| 2 | ഓമശ്ശേരി ഉൽപന്ന വിപണനകേന്ദ്രം - 40/18 | 358799, 71/31.3.18 | RCC മേൽക്കൂര വരെയുള്ള പ്രവൃത്തി മാത്രം ചെയ്തു. |
| 3 | മഠത്തും കുഴി വനിത കോമൺ ഫെസിലിറ്റേഷൻ സെന്റർ - 54/18 | 542625, 54/28.2.18 | ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള പ്രവൃത്തികൾ ചെയ്തു |
| 4 | പാലക്കൽ വനിതാ കോമൺ ഫെസിലിറ്റേഷൻ സെന്റർ - 55/18 | 700000, 83/31.3.18 334327 | സിമന്റ് പ്ലാസ്റ്ററിംഗ് വരെയുള്ള പ്രവൃത്തികൾ ചെയ്തു |
| 5 | ഈസ്റ്റ് കുപ്പായക്കോട് വയോജനകേന്ദ്രം - 52/18 | 950000, 79/31.3.18 | RCC മേൽക്കൂര വരെയുള്ള പ്രവൃത്തി മാത്രം ചെയ്തു. |

എല്ലാ ഗ്രാമപഞ്ചായത്തുകളിലും വനിതാ കോമൺ ഫെസിലിറ്റേഷൻ സെന്റർ

നിർമ്മിക്കുന്നതിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾ നിർമ്മിച്ചത് ഏതാവശ്യത്തിന് വേണ്ടിയാണെന്നത് സംബന്ധിച്ച് പ്രൊജക്ടിലോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ രേഖപ്പെടുത്തിയിട്ടില്ല.

പൊതുമരാമത്ത്, ഊർജ്ജം എന്നീ മേഖലകളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ വനിതാ കോമൺ ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള പ്രൊജക്ടുകളെക്കുറിച്ച് പറയുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലും ഈ പ്രൊജക്ടുകളെക്കുറിച്ച് ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ തന്നെ കെട്ടിടനിർമ്മാണത്തിനുള്ള ആവശ്യം ഏതു തലത്തിൽ നിന്നുയർന്ന് വന്നതാണെന്ന് വ്യക്തമല്ല.

കെട്ടിടങ്ങൾ നിലവിൽ ഏതാവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. കെട്ടിടനിർമ്മാണത്തിന് ഭാഗികമായി പ്രൊജക്ട് രൂപീകരിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-15 ഭരണസമിതി തീരുമാനം - തുടർനടപടി വിവരം ലഭ്യമല്ല

2013-14 വർഷം പട്ടികവർഗവികസന ഓഫീസർ നടപ്പിലാക്കിയ 312/14 നം. പ്രൊജക്ടായ പട്ടികവർഗ്ഗകോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തി നാളിതുവരെ ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതിക്ക് വേണ്ടി അടവാക്കിയ 525000 രൂപ പലിശ സഹിതം തിരിച്ചടക്കാൻ അനർട്ടിനോട് ആവശ്യപ്പെടാൻ 12.1.2018ലെ 62.6/17-18നമ്പരായി ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-16 മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് തുക കൈമാറൽ - രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

സംയുക്ത പ്രോജക്ടുകൾ, മറ്റ് തിരിച്ചടവുകൾ എന്നിവ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 വർഷം കൊട്ടുവള്ളി ബ്ലോക്ക്പഞ്ചായത്ത് താഴെ പറയുന്ന വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക സ്വീകരിച്ചതിനുള്ള കൈപ്പറ്റ് രസീതിയോ തുക വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രമോ ബന്ധപ്പെട്ടവർ ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ട് നം. & പേര് | കൈമാറിയ തുക | ബിൽ നം | തുക സ്വീകരിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1. | 9/17-18, വായ്പ തിരിച്ചടവ് | 5,00,000 | 8/14.08.2017 | കാരശ്ശേരി സഹകരണ ബാങ്ക് | രസീതി ലഭിച്ചില്ല. |
| 2. | 6/17-18, IKM സാങ്കേതിക | 1,50,000 | 6/14.08.2017 | IKM | രസീതി ലഭിച്ചില്ല. |

| | | | | | |
|---|---|---|---|---|---|
| | സഹായം | | | | |
| 3. | 2/17-18, മാലിന്യ സംസ്കരണ ത്തിന് സ്ഥലം വാങ്ങൽ | 8,00,000 | 40/28.02.2018 | കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് | |
| 4. | 28/17-18, റീസൈക്ലിംഗ് യൂണിറ്റ് | 12,50,000 | 41/08.03.2018 | കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | |
| 5. | 25/17-18, ഗ്യാസ് ക്രിമറ്റോറിയം | 10,00,000 | 13/23.09.2017 | തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | |
| 6. | 48/17-18, ക്ഷീര സഹകരണ സംഘങ്ങളിലെ പാലിന് സബ്സിഡി | 43,70,000 | 1/30.11.2017, 3/19.12.2017 | മടവൂർ- 1,52,500തിരുവമ്പാടി 8,50,000 പുതുപ്പാടി - 7,50,000 കട്ടിപ്പാറ- 2,20,000 താമരശ്ശേരി - 7,50,000 കോടഞ്ചേരി- 16,47,500 | |
| 7. | 53/17-18, ക്ഷീര സഹകരണ സംഘങ്ങളിലെ | 33,70,000 | 2/30.11.2017, 4/19.12.2017 | മടവൂർ- 1,52,500തിരുവമ്പാടി 6,50,000 | |

| | | | | | |
|---|---|---|---|---|---|
| | പാലിന് സബ്സിഡി | | | പുതുപ്പാടി - 4,50,000<br>കട്ടിപ്പാറ- 2,20,000<br>താമരശ്ശേരി - 7,50,000<br>കോടഞ്ചേരി- 11,47,500 | |
| 8. | 109/17-18- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് | 20,94,100 | ബിൽ നം - 1/2017-18, തി.21.12.2017<br>ബിൽ നം. - 3/2017-18, തി.14.3.2018 | കോടഞ്ചേര- 1,94,100<br>മടവൂർ- 2,00,000<br>താമരശ്ശേരി- 3,10,300<br>കട്ടിപ്പാറ 3,00,000 | |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റ് രസീതി/വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## **3-17** പട്ടികജാതി, പട്ടികവർഗ്ഗ വികസന ഓഫീസർമാർ **2017-18** വർഷം പദ്ധതികൾ ഏറ്റെടുത്ത് നടത്തിയില്ല

കൊടുവള്ളി ബ്ലോക്കപഞ്ചായത്ത് പരിധിയിൽ വസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| | ജാതി/വർഗ്ഗം | ജാതി/വർഗ്ഗത്തിൽ ഉൾപ്പെടുന്ന കുടുംബങ്ങൾ | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|---|---|
| പട്ടികജാതി | 11എണ്ണം | 4944 എണ്ണം | 10838 | 10307 | 21145 |
| പട്ടികവർഗ്ഗം | 9 എണ്ണം | 1158 എണ്ണം | 1767 | 1603 | 3370 |

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ മേൽ

വിഭാഗങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം അതീവ ഗുരുതരമാണെന്ന് വ്യക്തമാണ്. എന്നാൽ ആയത് പരിഹരിക്കുന്ന തരത്തിലുള്ള യാതൊരു പ്രോജക്ടുകളും തൻവർഷം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടത്തിയില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ 2016-17 വർഷം നടപ്പിലാക്കിയ പട്ടികജാതി, പട്ടികവർഗ്ഗ പ്രോജക്ടുകളുടെ ഭൗതിക നേട്ടം, പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ രേഖപ്പെടുത്തിയില്ല. പദ്ധതികളുടെ ശരിയായ മോണിട്ടറിംഗ് നടത്തിയില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. അതുകൊണ്ടുതന്നെ തൻവർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് ഒരു കൃത്യമായ ധാരണ ഇല്ലാത്ത അവസ്ഥയുണ്ടായി. 13ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഓരോ ഉപമേഖലയ്ക്കും വിഭാഗത്തിനും ഭരണസമിതി പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ വകയിരുത്തിയ അടങ്കൽ തുകയുടെ അടിസ്ഥാനത്തിൽ ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും അതിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണെന്ന് സൂചിപ്പിക്കുന്നു. (ജി.ഒ.[എം.എസ്] 72/2017/തസ്വഭവ തീയതി : 29.03.2017, ഖ. നം. 5.5). എന്നാൽ അത്തരത്തിലുള്ള ഒരു നിർദ്ദേശം ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി നല്കിയതായി കാണുന്നില്ല. തൻവർഷം എസ്.സി, എസ്.ടി പദ്ധതികൾക്ക് വകയിരുത്തിയതിൽ ബ്ലോക്കപഞ്ചായത്ത് യഥാക്രമം 57.99%, 51.22% തുക മാത്രമേ ചെലവഴിച്ചുള്ളൂ.

പട്ടികജാതി, പട്ടികവർഗ്ഗങ്ങൾ കൂടുതലുള്ള കൊടുവള്ളി ബ്ലോക്ക്പഞ്ചായത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ 2017-18 വർഷം പദ്ധതികൾ ഏറ്റെടുത്ത് നടത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2017-18 | 400000 | പാലക്കൽ വനിതാ കോമൺ ഫെസിലിറ്റേഷൻ സെന്റർ | 0 | 400000 |
| ഗ്രാമപഞ്ചാ | 2017-18 | 16023444 | ഭവനപദ്ധതി | 5255700 | 10767744 |

| | | | | | |
|---|---|---|---|---|---|
| യത്തുകൾ | | (മുൻബാക്കി അടക്കം) | | | |
| കോഴിക്കോട് ജില്ലാപഞ്ചായത്ത് | 2017-18 | 12579940 (മുൻബാക്കി അടക്കം) | ഭവനപദ്ധതി | 6724450 | 5855490 |
| കോഴിക്കോട് ജില്ലാപഞ്ചായത്ത് | 2017-18 | 1000000 | താമരശ്ശേരി താലൂക്ക് ആശുപത്രി ജറിയാട്രിക് വാർഡ് & ഒ.പി വിപുലീകരണം | 0 | 1000000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പരനിലം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 19/21.10.17 | 500000 | 0 | 500000 |
| കേരള വാട്ടർ അതോറിറ്റി | പുളിക്കോത്ത് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 20/21.10.17 | 500000 | 0 | 500000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗ് | മണ്ണിലക്കടവ് അങ്കണവാടി കെട്ടിട നിർമ്മാണം | 22/21.10.17 | 580000 | 0 | 580000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗ് | കയ്യലേരിക്കുന്ന് അങ്കണവാടി കെട്ടിട നിർമ്മാണം | 23/21.10.17 | 580000 | 0 | 580000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗ് | തണ്ണിക്കുണ്ട് അങ്കണവാടി കെട്ടിട നിർമ്മാണം | 24/21.10.17 | 580000 | 0 | 580000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗ് | താമരശ്ശേരി താലൂക്ക് ആശുപത്രി വയറിംഗ് സെന്റേജ് ചാർജ് | 21/21.10.17 | 46000 | 0 | 46000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന

വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(ആർ.ടി) 1102/10/ ത.സ്വ.ഭ.വ തി.21.3.2010 | ഇല്ല | 1547778 | 861945 | 0 | 685833 |
| ഐ.എ.വൈ ഭവന പദ്ധതി | ജി.ഒ (എം.എസ്) 90/2013 ത.സ്വ.ഭ.വ തി.14.3.2013 | ഇല്ല | 2724734 (പലിശയിനത്തിലുള്ള ബാധ്യത) | 0 | 500000 | 2224734 |

- ഐ.എ.വൈ ഭവന പദ്ധതിയുടെ പലിശ ഇനത്തിലുള്ള വിവരം സെക്രട്ടറി സമർപ്പിച്ച അധിക വിവര പത്രിക പ്രകാരമുള്ളതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. പലിശ ഇനത്തിൽ അടവാക്കാനുള്ള തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9163 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | ഭാഗം 3, 3-1 | 4495 | സാദിഖ് അലി വി, കോൺട്രാക്ടർ | 18/87 തി.18.12.2017 |
| 2016-17 | ഭാഗം 3, 3-3 | 4668 | നൗഷാദലി പി, കോൺട്രാക്ടർ | 18/88 തി.18.12.2017 |
| ആകെ | | 9163 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999 | 3(44) | പ്രൊജക്റ്റിന്റെ പേരിൽ അനധികൃത ചെലവുകൾ നടത്തി | പഠനയാത്രയുടെ വിശദാംശങ്ങളും നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ലഭ്യമാക്കണം |
| | | 1999 -00 | 4/58(എ) | നടുക്കുന്ന് ശുദ്ധജലവിതരണം | ശ്രീ.കെ.കെ. അച്ചുതനിൽനിന്നും Rrനടപടികളിലൂടെ |

| | | | | | |
|---|---|---|---|---|---|
| | | | | | തുക ഈടാക്കണം |
| | | 1999 -00 | 4/58(ഡി) | ഇന്റസ്ട്രിയൽ ലൈസൻസ്&മോണിറ്ററിംഗ് സെന്റർ | |
| 1999 -00 | | 2000-01 | 4.98 | മാവിൻചുവട് കുടിവെള്ളപദ്ധതിമ- പൂർത്തിയായില്ല | പരാമർശം ഒഴിവാക്കാൻ ശുപാർശ |
| 2000-01 | | 2003-04 | 4.13 | ഇടിവെട്ട് മല മണ്ണ് സംരക്ഷണപദ്ധതി, മക്രം റോഡ് ആർ സി ബി നിർമ്മാണം | |
| 2003-04 | 3-18 | 2005-06 | 2.67(1) | നബാർഡ് റോഡ് - ഉത്തരവിന് വിരുദ്ധമായി മുൻകൂർ നൽകി | |
| 2003-04 | 3-21 | 2005-06 | 2.67(2) | എസ്.ജി.ആർ.വൈ റോഡ്-അധിക ഭക്ഷ്യധാന്യം | |
| 2003-04 | 3-25 | 2005-06 | 2.67(3) | ഗ്രാമസഭ മറികടന്ന് വ്യക്തിഗത ആനുകൂല്യം | |
| 2003-04 | 3-11 | 2005-06 | 2.67(4) | പരമ്പരാഗത വ്യവസായ പ്രോൽസാഹന പദ്ധതി ലക്ഷ്യം കണ്ടില്ല. | |
| 2003-04 | 3-30 | 2005-06 | 2.67(5) | ചുമതലയിൽപ്പെടാത്ത പദ്ധതിക്ക് ആനുകൂല്യം | |
| 2003-04 | 3-06 | 2005-06 | 70(3)(4) | പരിശീലനം ലഭിച്ച ആളുകളുടെ എണ്ണം വ്യക്തമല്ല | |
| 2003-04 | 3-07 | 2005-06 | 70(3)(4) | പരിശീലനം പൂർത്തിയാക്കിയതിന് രേഖയില്ല. മോണിറ്ററിങ്ങ് റിപ്പോർട്ടില്ല. | |
| 2003-04 | 3-08 | 2005-06 | 70(3)(4) | പരിശീലനം -അപാകത | |
| 2003-04 | 3-28 | 2005-06 | 70(3)(4) | പരിശീലനം നൽകിയ സ്ഥാപനത്തിന് അഡ്വാൻസ് നൽകി- | |

| | | | | | |
|---|---|---|---|---|---|
| | | | | പരിശീലനം നേടിയവർ ലൈസൻസ് എടുത്തില്ല. | |
| 2003-04 | 3-35 | 2005-06 | 70(3)(4)9 | എസ്.ജി.ആർ.വൈ -അപാകത | |
| 2002-03 | ഭാഗം 1 | 2005-06 | 2.70.11.19 | ആഭ്യന്തരനിയന്ത്രണം പാളുന്നു | |
| 2004-05 | 3-1 | 2006-07 | 3.79.14.2 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ | |
| 2004-05 | 3-4 | 2006-07 | 3.79.15.3 | ഡെപ്പോസിറ്റ് വർക്ക് | |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണം – പൂർത്തിയാക്കിയില്ല | |
| 2004-05 | 3-13 | 2006-07 | 3.79.16.13 | റോഡ് പ്രവൃത്തി | |
| 2004-05 | 3-14 | 2006-07 | | കിണർ നിർമ്മാണം | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) |
|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 1995-96, 96-97, | 27a, b | ശ്രീ.കെ.കെ.തോമസ് | LF28388/spl.cell /SC4/99/ | 6684 | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | 97-98 | | | 31/7/02 | | | |

| കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|
| ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 9 | 10 | 11 | 12 | 13 |
| ഇല്ല | | | | |
| | | | 6684 | |

തുക ഈടാക്കിയതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 164372673 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 151364197 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1680000 | ശ്രീമതി.സുബൈദ പി ടി, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (കൊടുവള്ളി സർക്കിൾ) |
| 3-6 | 949900 | ഡോ.കേശവനുണ്ണി, മെഡിക്കൽ ഓഫീസർ, താമരശ്ശേരി താലൂക്ക് ആശുപത്രി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1. ശ്രീമതി.സുബൈദ പി ടി, ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (കൊടുവള്ളി സർക്കിൾ) | |
| 2. ഡോ.കേശവനുണ്ണി, മെഡിക്കൽ ഓഫീസർ, താമരശ്ശേരി താലൂക്ക് ആശുപത്രി | താമരശ്ശേരി താലൂക്ക് ആശുപത്രി | പ്രണവ്, ഓർക്കിഡ് ഹിൽ താമരശ്ശേരി 673 573 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 1996-97, 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(1)/14.12.12 | 06 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.എസ്.2-260/1/08.05.01 | 22 |

| | | |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി.എസ്.1-308/03 /07.02.04 | 18 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(2) /14.12.12 | 13 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(3) /14.12.12 | 13 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3-1545/09 /22.05.10 | 18 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1) /19.06.13 | 24 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1) /19.06.13 | 11 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.7-1657/09(5) /14.06.13 | 11 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(4) /14.12.12 | 14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.7-1814/09 /16.02.12 | 14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.7-489/13 /01.06.13 | 15 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.7-488/13 /29.05.13 | 13 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.7-806/13 /20.08.13 | 13 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.7-768/15 /20.07.15 | 14 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.7-1792 /16/26.10.2016 | 32 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി.7-441 /17/29.03.2017 | 43 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി.7-1940/2017 /21.10.2017 | |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.7/2095/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്
ഫോൺ – 0495-2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in
തീയതി:30.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്